# പാടമൊന്നായ് ഗാനങ്ങൾ :  ഒരു പഠനം

ദേവദാരുക്കളുടെയും മുന്തിരിവള്ളികളുടെയും അമരഭൂമിയായ ലെബനോന്റെ പ്രിയപുത്രനായ ഖലീൽ ജിബ്രാന്റെ 'പ്രവാചകൻ' എന്ന യോഗാത്മക കാവ്യത്തിൽ, അവിസ്മരണീയമായ ഒരു നിമിഷമുണ്ട്. പ്രവാചകനായ അൽ മുസ്തഫാ, ഓർഫലീസ് നഗരത്തിലെ നിവാസികളോട് യാത്രപറയുന്ന നിമിഷം. ഒരു പുരോഹിതൻ അർത്ഥിച്ചു: " ഞങ്ങളോട് മതത്തെക്കുറിച്ച് സംസാരിച്ചാലും". അവൻ പറഞ്ഞു:

" നിങ്ങളുടെ ദേവാലയവും മതവും
നിങ്ങളുടെ അനുദിനജീവിതമത്രെ.
അതിനുള്ളിൽ എന്നെങ്കിലും
നിങ്ങൾ കടക്കുമ്പോൾ,
സർവ്വസ്വവും കൈയിലെടുക്കണം:
കലപ്പയും ഉലയും കൊട്ടുവടിയുമെല്ലാം.
തന്റെ ഈശ്വരാവബോധത്തിൽനിന്ന്
കർമ്മങ്ങളെയോ
തന്റെ വിശ്വാസങ്ങളിൽനിന്ന്
ജീവിതവ്യാപാരങ്ങളെയോ വേർതിരിക്കാൻ
ആർക്കും കഴിയും? "

ജിബ്രാന്റെ, ഈശ്വരാവബോധത്തിൽനിന്ന് ഉറവെടുത്ത ആരാധനാ സങ്കൽപ്പമാണ് ഈ വാക്കുകളിൽ നിറഞ്ഞുനിൽക്കുന്നത്. ജീവിതയാഥാർത്ഥ്യങ്ങളിൽനിന്ന് ഓടിയൊളിക്കുവാനുള്ള മാളങ്ങളല്ല, മതം. ജീവിതത്തെ അഭിമുഖീകരിക്കുവാനുള്ള വിശ്വാസവും ദർശനവുമാണ്. നമ്മുടെ മതാവബോധമോ?

സമൂഹത്തിൽ പുലരുന്ന ജീവിതസമീപനവും വിശ്വാസവും തമ്മിലുള്ള വൈരുദ്ധ്യത്തിലാണ് നമ്മുടെ മതാവബോധം വികലമാവുന്നത്. ഭൗതിക യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള വിസ്മൃതിയിലാണ് ആത്മീയസ്വാസ്ഥ്യം തേടുന്നത്. എന്നാൽ ജീവിതാസക്തിയിൽനിന്ന് മുക്തരാണോ? അല്ലേ, അല്ല. അപ്പോൾ ജീവിതവുമായി ബന്ധമില്ലാത്ത, മനസിൽ അഗ്നിയായി എരിയാത്ത, ഉപരിതലസ്പർശിയായ മതാവബോധമാണത്. എന്നാൽ വിശ്വാസത്തെ ഗൗരവപൂർവ്വം സമീപിക്കുന്ന, അർത്ഥവത്തായ ജീവിതസമീപനത്തിനുള്ള അന്വേഷണമായി കാണുന്ന അസ്വസ്ഥമനസുകളുടെ ഒരു ന്യൂനപക്ഷം, ജീവിക്കുന്ന കാലഘട്ടത്തോടും, നൈതിക സമസ്യകളോടും സാർത്ഥകമായി പ്രതികരിക്കുന്നു. ജീർണ്ണിച്ച സാമൂഹ്യവ്യവസ്ഥ

ഈശ്വരകൽപ്പിതമാണ് എന്ന മൂഢസങ്കൽപ്പത്തിൽ ജീവിതം തളച്ചിടാതെ, മെച്ചപ്പെട്ട സാമൂഹ്യഘടനയ്ക്കുവേണ്ടി പോരാടുന്നതിലാണ്, അവർ ആത്മീയത കണ്ടെത്തുന്നത്. ജീവിതത്തിലെ ചില പ്രഹേളികകളുടെ ചിട്ടപ്പെട്ട ഉത്തരമല്ല, അവർക്ക് ദൈവം. നിന്ദിതരുടെയും പീഡിതരുടെയും പക്ഷംചേരുന്ന, മോചനത്തിനുവേണ്ടിയുള്ള ജനതയുടെ പോരാട്ടത്തിൽ പങ്കുചേരുന്ന ദൈവാഭിമുഖ്യമാണ്, അവരെ തമ്മിൽ വിളക്കിച്ചേർക്കുന്ന ഘടകം. നീതി വിളങ്ങുന്ന സാമൂഹ്യവ്യവസ്ഥയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ചാലകശക്തിയാവുകയാണ്, അവരുടെ ജന്മസാഫല്യം. അങ്ങനെ വിശ്വാസസാന്ദ്രവും അന്വേഷണോന്മുഖവുമായ മനസുകളിൽ ഉറവെടുത്ത ഗീതങ്ങളാണ് ഇവിടെ സമാഹരിക്കുന്നത്.

ദൈവാരാധനയുമായി ബന്ധപ്പെട്ട് രൂപപ്പെട്ടിട്ടുള്ള ഈ ഗാനങ്ങൾ, ആത്മീയതയുടെ പരിവേഷമണിഞ്ഞ് പ്രചരിച്ചിട്ടുള്ള ഗീതങ്ങളിൽനിന്ന് രൂപത്തിലും ഭാവത്തിലും വ്യത്യസ്തമാണ്. എസ്.സി.എം.ന്റെ വിദ്യാർത്ഥി സമ്മേളനങ്ങളിലും യുവജന ക്യാമ്പുകളിലും ഉരുത്തിരിഞ്ഞ ചിന്താധാരകളിൽനിന്നാണ് ഇവ അധികവും ഉറവെടുത്തിട്ടുള്ളത്. ക്രിസ്മസ് ഗാനശുശ്രൂഷയോട് ബന്ധപ്പെട്ടതാണ് മറ്റു ചില ഗീതങ്ങൾ. അന്വേഷണോന്മുഖമായ അസ്വസ്ഥമനസുകളുടെ വേദനകളുടെയും ഉള്ളുരുക്കത്തിന്റെയും അർപ്പണത്തിന്റെയും ചൂടും തിളക്കവുമാണ്, ഈ ഗീതികളെ പ്രകാശമാനമാക്കുന്നത്. ഈശ്വരസന്നിധാനത്തിൽ തുടികൊട്ടി മുഴങ്ങുന്ന ഹൃദയത്തിന്റെ സംഗീതമാണ്, ഈ ഗീതികൾ.

‘എന്റെ ഹൃദയം നിന്റെ മുന്നിൽ
പൊൻതുടിയായ് മുഴങ്ങുന്നു.
നിന്റെ വരവിൽ ഭൂമിയാകെ
ഉണർന്നു പാടുന്നു – ’

ഗീതങ്ങളുടെ ആത്മചൈതന്യം ഉൾക്കൊള്ളുന്ന ഈരടികളാണിത്.

പ്രതിജ്ഞാബദ്ധമായ യുവമനസുകൾക്കറിയാം മാറ്റം വിതയ്ക്കുന്ന ഗാനങ്ങൾ ആർക്കുവേണ്ടിയാണ് പാടുന്നതെന്ന്.

പാടുന്നു നമ്മളിന്നാർക്കുവേണ്ടി?
കൈത്താളമേളങ്ങളാർക്കുവേണ്ടി?
നമ്മുടെ മോഹന സംഗീതധാരകൾ
പെയ്തിറങ്ങീടുന്നതാർക്കുവേണ്ടി?

ചോരവാർന്നൊഴുകുന്ന ഹൃദയങ്ങൾക്കായി
പാടാം നമുക്കിന്നു പാടാം
താന്തരായ്, ഭ്രാന്തരായ് വിലപിക്കുന്നോർക്കായി
പാടാം നമുക്കിന്നു പാടാം.

മാറ്റം വിതയ്ക്കുന്ന പാട്ടുകൾ
കൂട്ടമായ് കൂട്ടമായ് കൂട്ടരേ
ചേരിയിൽ പിടയുന്ന ചേതനകൾക്കായി
ചേറിൽ താഴ്ന്നഴുകുന്ന ജീവിതങ്ങൾക്കായി
ചെങ്കനൽ ചൂളയിൽ എരിയുന്നോർക്കായി
ഇരുളേ ജയിക്കുവാൻ പൊരുതുന്നോർക്കായി
പാടാം നമുക്കിന്നു പാടാം.

ബൈബിളിലെ ജീവൻതുടിക്കുന്ന ഏടുകൾ അനുദിന ജീവിതമേഖലകളിൽ പുനർജനിക്കുന്നതായി, ഈ ഗായകർ തിരിച്ചറിയുന്നു. തീക്ഷ്ണവും തിക്തവുമായ ഇരുണ്ട രാത്രിയുടെ യാമങ്ങളിലൊന്നിൽ ഭൂസ്വർഗ്ഗങ്ങളെ ബന്ധിക്കുന്ന, ദേവദൂതികൾ കയറിയിറങ്ങുന്ന യാക്കോബിന്റെ ദർശനഭൂമിയിൽ തെളിഞ്ഞ ചിത്രമാണ്, ഈ ഗാനത്തിൽ തെളിഞ്ഞുവരുന്നത്.

ഈ മനോഹര രാത്രിയിൽ,
സ്വപ്നങ്ങൾ വിടരും യാമങ്ങളിൽ,
നൻ തിരുരാജ്യത്തിൻ ഏണിപ്പടികൾ
ഭൂവിലിറങ്ങിയ നിമിഷങ്ങളിൽ
മണ്ണിലും വിണ്ണിലും രോമാഞ്ചമരുളും
ധന്യമുഹൂർത്തത്തിൻ സംഗീതം
അധരങ്ങളാത്മാക്കളേറ്റുപാടി
ഹൃദയത്തിലാഹ്ലാദം തിരതല്ലി....

ഒരു ക്രിസ്മസ് ഗാനം കേൾക്കൂ. ക്രിസ്മസിന്റെ പൊരുൾ ഈ വരികളിൽ ലയിച്ചു ചേർന്നിട്ടുണ്ട്. ക്രിസ്മസ് ഉൾക്കൊള്ളുന്ന പുതിയ പുറപ്പാടിന്റെ ദർശനം ബൈബിളിന്റെ താളുകളിൽനിന്ന് പുനരവതരിക്കുന്നു.

സൂര്യനുദിച്ചു മുൾക്കാടതില
ന്നത്ഭുതസ്മേരമുയർന്നു.
തോൽവിതകർച്ചകളാകുലതകളാ
ലാകെവലഞ്ഞൊരു നാളിൽ
പുതിയ പുറപ്പാടിന്റെ തുടക്കം
പുതിയൊരു മാനവ ജനനം

ബൈബിൾ ബിംബകൽപ്പനകളിലൂടെ കേവല പുനരാഖ്യാനങ്ങളിൽ സംതൃപ്തി തേടുന്നില്ല, ഈ ഗായകരുടെ സർഗ്ഗാത്മകചൈതന്യം. അനുദിന ജീവിതസമസ്യകളുടെ മുമ്പിൽ തീക്ഷ്ണമായി പ്രതികരിക്കുന്ന മനസാണ്, അവരുടേത്. നോക്കുക:

നീയെന്നെ കൈവിട്ടതെന്തേ നാഥാ,

നീയെന്നെ കൈവിട്ടതെന്തേ?

കാൽവറി മാമല തന്നിലുണർന്ന

വിലാപച്ചുഴികളുയർന്നു കാറ്റിൽപ്പാറി

ഇന്നിന്നൊരായിരം ദീനകണ്ഠങ്ങളിൽ

വീണ്ടും മുഴങ്ങീടുന്നു

നാഥാ, നീയെന്നെ കൈവിട്ടതെന്തേ?

വയലിൽ പുതഞ്ഞൊരാ-

മൃതപഞ്ജരങ്ങളും

ഞാറ്റുവേലപ്പാട്ടിനോടൊപ്പം

വിറയാർന്നു പകരുന്നു ഗാനം

ഇന്നിനി വയ്യാ; ഇവരോടു പൊറുക്കുവാൻ വയ്യ

വർത്തമാനകാല ജീവിതസമസ്യകളിൽനിന്നകന്ന് ദന്തഗോപുരങ്ങളിലിരുന്ന് പ്രതികരിക്കുന്ന കപടബുദ്ധിജീവികളുടെ സമീപനത്തിൽനിന്ന് വ്യത്യസ്തമാണ് ഈ അസ്വസ്ഥമനസുകളുടെ ഭാവം. മാനവഭാഗധേയത്തെക്കുറിക്കുന്ന ദൈവനിയോഗം, നമ്രശീർഷരായി ഏറ്റുവാങ്ങി അടരാടുവാനുള്ള സന്നദ്ധതയാണ്, ഈ ഗാനങ്ങളിൽ അനുരണനം ചെയ്യുന്നത്. വേദപുസ്തകത്തിലൂടെ വെളിപ്പെടുത്തപ്പെട്ട, ക്രിസ്തുദർശനത്തോടുള്ള അനുസരണമാണ്, ആത്മസമർപ്പണത്തിലേക്ക് നയിക്കുന്നത്. ഒട്ടുമിക്ക ഗീതങ്ങളിലും ആത്മസമർപ്പണത്തിന്റെ പ്രതിസ്പന്ദനമാണ് നാം കേൾക്കുക. ഈശ്വരസന്നിധിയിൽ, എരിയുന്ന യാഗശാലയുടെ മുമ്പിൽ അർപ്പിതചേതസ്സായി നിൽക്കുന്ന യുവാവായ പ്രവാചകനെയാണ് സമർപ്പണഗാനങ്ങൾ അനുസ്മരിപ്പിക്കുക. 'അടിയനിതാ, അടിയനെ അയക്കണമേ' ദൈവനിയോഗത്തിൽ ജന്മസാഫല്യം തേടുന്ന ക്രിസ്തീയ ദൗത്യബോധമാണ്, ഈ ഗാനങ്ങൾ പകരുന്ന ആത്മീയാനുഭവം.

സ്വീകരിക്കൂ.... സ്വീകരിക്കൂ....

ഈ മിഴിനീർക്കണങ്ങൾ

നാഥാ, സ്വീകരിക്കൂ....സ്വീകരിക്കൂ...

ഈ മിഴിനീർക്കണങ്ങൾ

അനുഗ്രഹിക്കൂ നിയോഗം നൽകൂ...

ഈ ധന്യനിമിഷങ്ങളിൽ

നാഥാ അനുഗ്രഹിക്കൂ... നിയോഗം നൽകൂ...

ഈ ധന്യനിമിഷങ്ങളിൽ...

ഗാനങ്ങളുടെ ഭാവതലത്തെക്കുറിച്ചാണ് മുകളിൽ പറഞ്ഞുവന്നത്. അവ ഉൾക്കൊള്ളുന്ന ദൈവാവബോധത്തെപ്പറ്റിയും ജീവിതാവബോധത്തെപ്പറ്റിയുമാണ് എന്നു പറയുകയാവും ശരി. ഇവയുടെ രൂപശില്പംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. പാശ്ചാത്യ സംഗീതോപകരണങ്ങളുടെ കാതടപ്പിക്കുന്ന ഇരമ്പലിന്റെ പശ്ചാത്തലത്തിൽ ഒരുക്കുന്നവയാണ് ആധുനിക ക്രിസ്തീയ ഗീതങ്ങൾ. അലൗകികമായ മായാപ്രപഞ്ചം ഒരുക്കുകയാണല്ലോ ലക്ഷ്യം. എന്നാൽ ഇവിടെ ഇതാ വ്യത്യസ്തമായ താളബോധം, സംഗീതബോധം. അടിസ്ഥാനവർഗ്ഗങ്ങളുടെ സംഘഗാനങ്ങളുടെ ഈണമാണ് ഇവയുടേത്. സംസ്കാരതനിമയിൽനിന്നും ഉറവെടുത്ത, ചുണ്ടുകളിൽനിന്ന് കാതുകളിലേക്കും, കാതുകളിൽനിന്ന് ചുണ്ടുകളിലേക്കും പകർന്ന നാടൻപാട്ടുകളുടെയും വായ്ത്താരികളുടെയും ഈണത്തിൽ വാർന്നുവീണവയാണ് അവയോരോന്നും. ഗാനങ്ങളുടെ ഭാവശില്പം ഉൾക്കൊള്ളുന്ന ജനകീയസംസ്കാരമാണ്, രൂപശില്പത്തിന്റെയും നിയാമകഘടകമെന്ന് ചുരുക്കം.

കാറ്റേ വാ കടലേ വാ
ഒരു കരിമേഘം കൊണ്ടത്താ
മഴവില്ലുകൾ വിരിയിക്കാനായ്
മഴമേഘം കൊണ്ടത്താ

കാണാക്കരകേറി
ഏറാമലയേറി
തിരാതിരയലിലൂറി വരും പുതു-
ജീവിതചേതനയോ....
ചുഴികൾ മലരികളായണുതോറും
പടരും നൈതികവേദനയോ...

തുടങ്ങിയ ഈരടികളിൽ അന്തർധാരയായി വർത്തിക്കുന്നത് സംഘചേതനയുടെ ഉൾത്തുടിപ്പുകളുടെ താളബോധമാണല്ലോ.

ക്രിസ്തീയ ഭക്തിഗീതങ്ങൾ എന്നു കേളികേട്ട ഗാനങ്ങളിൽനിന്നും വ്യത്യസ്തമാണ്, ഇവിടെ സമാഹരിക്കപ്പെടുന്ന ആത്മീയദർശനവും സംഗീതവും. പാടിപ്പതിഞ്ഞ മതാവബോധത്തിന് അന്യമാണ്, ഇവയുടെ ഭാവശില്പവും രൂപശില്പവും. 'ഡൈനാമിക് ആക്ഷൻ ഗ്രൂപ്പ്' പ്രസിദ്ധീകരിച്ച ജനകീയഗാനങ്ങളെയാണ് ഈ ഗീതങ്ങൾ അനുസ്മരിപ്പിക്കുക. ഗാനങ്ങളുടെ സമാഹരണത്തിൽ, ജനകീയഗാനങ്ങൾ മാതൃകയായിട്ടുണ്ട്. വിശ്വാസാധിഷ്ഠിതവും അന്വേഷണോന്മുഖവും സർഗ്ഗാത്മകവുമായ മനസുകളിൽനിന്ന് ഉറവെടുത്ത ഈ ഗാനങ്ങൾ ആഴമായ ആത്മീയാന്വേഷണത്തിലേക്ക് അനുവാചകമനസിനെ ഉണർത്തുകയും ഉയർത്തുകയും ചെയ്യും.

**റവ. മാത്യു ഡാനിയേൽ**